ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.0151/എ2/II-എസ്റ്റാ/2019/എൻ.സി.സി

07 ഫെബ്രുവരി 2020

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ
എൻ.സി.സി ഓഫീസുകൾ
എസ്.എസ് കമ്പനി എൻ.സി.സി
} ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം

സർ,

വിഷയം : എൻ.സി.സി വകുപ്പ് - ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള നിയമനം - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന : 22.01.2020 തീയതിയിലെ എ2/274/2019/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

1. ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമനം ആവശ്യപ്പെട്ട് ചില ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തി നിർദ്ദേശം നല്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

2. "ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബാധകമായിട്ടുള്ളത്. ടി റൂളിലെ ചട്ടം 2 പ്രകാരം തസ്തികകളുടെ കാറ്റഗറി മാറ്റത്തിന് പറഞ്ഞിരിക്കുന്ന പൊതുവ്യവസ്ഥ ടി തസ്തികകളുടെ നിയമനം ഒരേ റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കണം എന്നതാണ്. ഫുൾടൈം സ്വീപ്പർ തസ്തിക, ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 4-ലും ഓഫീസ് അറ്റൻഡന്റ് തസ്തിക കാറ്റഗറി 2-ലും ഉൾപ്പെടുന്നതിനാലും രണ്ടു തസ്തികകളുടെയും നിയമന രീതികൾ വ്യത്യസ്തമായതിനാലും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നല്കുവാൻ ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിലെ ചട്ടം 2 പ്രകാരം വ്യവസ്ഥയില്ല. കാറ്റഗറി 4-ൽ ഉൾപ്പെട്ട തസ്തികകളിൽ തന്നെ തമ്മിൽ തസ്തികമാറ്റം അനുവദിക്കാവുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് ചട്ടം-2-നു താഴെയുള്ള 4-ാം പ്രൊവിസോയിൽ വ്യക്തമാക്കിയിട്ടുണ്ട്''.

3. കാറ്റഗറി 4-ൽ ഉൾപ്പെട്ട തസ്തികകളിൽ തമ്മിൽ തസ്തികമാറ്റം അനുവദിക്കാവുന്ന തസ്തികകൾ ഈ വകുപ്പിൽ നിലവിലില്ല. ഓഫീസ് മേലധികാരികൾ ഈ കത്ത് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും download ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

**